Lesson-19
പാഠം – 19

# കാക്ക അപ്പവും ഇറച്ചിയും നൽകിയ പ്രവാചകൻ
# The Prophet who was fed by Ravens

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture







**തേൻകണം**
**Honey Comb**

യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര വലിയവയാകുന്നു;
നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവതന്നെ. സങ്കീർത്തനം 92:5

How great are your works, O Lord,
how profound your thoughts. Psalms 92 : 5

**പാഠഭാഗം: 1 രാജാക്കന്മാർ 17:1–7**

കാക്കയെ കണ്ടിട്ടില്ലാത്തവരുണ്ടോ? കറുത്ത നിറത്തിലുള്ള ഈ പക്ഷി, സാധാരണ എന്തു കിട്ടിയാലും കഴിക്കുന്ന പക്ഷിയാണ്. (മലിനമായതായാലും). കുട്ടികൾ കൈയ്യിൽ ഭക്ഷണവുമായി മുറ്റത്തിറങ്ങി നിന്നാൽ അവരുടെ കൈയ്യിൽ നിന്ന് ആ ഭക്ഷണം റാഞ്ചിക്കളയും. ഈ കാക്കയെ കൊണ്ടു ദൈവം ഒരു അത്ഭുതം കാട്ടിയ കഥ കേൾക്കാം.

യിസ്രയേൽ ഭരിച്ചിരുന്ന ആഹാബ് എന്ന രാജാവ് യഹോവയ്ക്കു അനിഷ്ടമായുള്ളതു ചെയ്തു ദൈവത്തെ കോപിപ്പിച്ചു. വിഗ്രഹ സേവകനായി ദൈവീക ആരാധന ഉപേക്ഷിച്ചു കളഞ്ഞു. ജനം ആകെ കഷ്ടത്തിലായി. ഈ സമയം ഗിലെയാദ് ദേശത്തെ തിശ്ബ്യ എന്ന സ്ഥലക്കാരനായിരുന്ന ഏലിയാവ്  എന്ന പ്രവാചകനെ ദൈവം എഴുന്നേൽപ്പിച്ചു.

ഏലിയാവ് ആഹാബിനോടു പറഞ്ഞു 'ഞാൻ സേവിക്കുന്ന യിസ്രയേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞിട്ടല്ലാതെ ഇനി മഴയും മഞ്ഞും ഉണ്ടാകയില്ല'. ദൈവത്തെ മറന്ന യിസ്രയേലിനെ ശിക്ഷിക്കാനാണ് ദൈവം ഇങ്ങനെ തീരുമാനിച്ചത്. തുടർന്നു ദൈവം ഏലിയാവിനോടു പറഞ്ഞു; നീ കിഴക്കോട്ടു ചെന്ന് യോർദ്ദാനു കിഴക്കുള്ള കെരീത്ത് തോട്ടിൽ പോയി ഒളിച്ചിരിക്കുക, തോട്ടിൽ നിന്നു വെള്ളം കുടിക്കണം നിനക്ക് അവിടെ ഭക്ഷണം തരുവാനായി ഞാൻ കാക്കയോടു കൽപ്പിച്ചിരിക്കുന്നു. ഏലിയാവ് പോയി യഹോവ പറഞ്ഞതുപോലെ കെരീത്തു തോട്ടിനരികെ പാർത്തു. കാക്ക അവനു രാവിലെയും വൈകിട്ടും അപ്പവും ഇറച്ചിയും മുടങ്ങാതെ കൊണ്ടുവന്നു കൊടുത്തു. ഏലിയാവ് ദൈവം പറഞ്ഞതുവരെ സുഖമായി അവിടെ താമസിച്ചു.

**സന്ദേശം: ദൈവം നമ്മെ പരിപാലിക്കുകയും കരുതുകയും ചെയ്യുന്നത് ഒരിക്കലും ആരും ചിന്തിക്കാത്ത രീതിയിലാണ്. ദൈവത്തിന്റെ ഓരോ സൃഷ്ടിയേയും ദൈവം നിയന്ത്രിച്ച് തന്റെ പ്രവർത്തിക്കു വേണ്ടി ഉപയോഗിക്കും. തന്റെ ശുശ്രൂഷ ചെയ്യുന്നവരെ പോറ്റുന്നതു ദൈവത്തിന്റെ ഉത്തരവാദിത്വമാണ്.**

## Reading Portion: 1Kings 17 : 1-7

Is there anyone here who has not seen a Raven? This bird, which is black in color, eats whatever it gets (even dirt). If kids come outside with food in their hands, this bird will snatch it from them. Let us listen to a story where God has done a miracle with this bird.

The Israelite King Ahab provoked God by doing evil in the eyes of God. He become an idol worshiper and ignored the true God. The people of Israel faced great trouble. At this time, God brought out a prophet called Elijah from a place called Tishbe which is in Gilead.

Elijah said to Ahab : "As the Lord, the God of Israel lives, whom I serve, there will be neither dew nor rain except at my words" God wanted to punish the people of Israel who forgot Him. Then the Lord told Elijah "Leave here, turn eastward and hide in the brook of Kerith, east of Jordan. You will drink from the brook and I have ordered the ravens to feed you there. Elijah went to the brook of Kerith and stayed there. The ravens brought him bread and meat in the morning and evening and he drank from the brook. He stayed there till God asked him to.

**Message: No one can imagine the way God protects and cares us. God controls all his creations to use them for His purpose. It is God's responsibility to take care of his servants**

## പ്രവർത്തനം Activity



ഏലിയാവിന് അപ്പവുമായി വന്ന കാക്ക
ആരെപ്പേടിച്ചാണ് മരക്കൊമ്പിൽ
ഇരിക്കുന്നത് ? അതറിയണമെങ്കിൽ
1 മുതൽ 19 വരെയുള്ള കുത്തുകൾ യോജിപ്പിക്കുക

The raven is afraid of somebody. To find out join the dots from 1-10





**അപ്പവുമായി വന്ന കാക്ക**
**മറുവശം വരയ്ക്കുക**

**Draw the other part of the Raven**

## ഓർമ്മച്ചെപ്പ്
## Memory C




1. യിസ്രയേൽ ഭരിച്ചിരുന്ന രാജാവ് ആരാണ്?
   Which King ruled Israel?
2. ഏലിയാവ് ഒളിച്ചിരുന്ന സ്ഥലം ഏത്?
   Where did Elijah hide?
3. ഏലിയാവിനെ ദൈവം പോഷിപ്പിച്ചത് എങ്ങനെ?
   How did God feed Elijah?
4. യിസ്രയേലിൽ മഴയും മഞ്ഞും ഉണ്ടാകില്ലാ എന്നു പറയുവാനുള്ള കാരണം എന്ത്?
   What was the reason for no dew or rain in Israel?

1 രാജാക്കന്മാർ 17:8–16 വരെ ഏലിയാവ് ചെയ്ത മറ്റൊരു അത്ഭുതം കൂടി പറഞ്ഞിട്ടുണ്ട് ടീച്ചറോട് ചോദിച്ച് അതു കണ്ടുപിടിക്കുക, നിങ്ങളുടെ ഭാഷയിൽ അവതരിപ്പിക്കുക

Another miracle done by Elijah is written in 1 Kings 17:8-16. Ask your teacher and find out. Narrate that story in your words.

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

